ഉത്തരം

(എ) ശ്രീ. എം. കെ. മുഹമ്മദ് ബഷീർ 22-എ വണിഗർ തെരുവ്, കൃഷ്ണൻ കോവിൽ, നാഗർകോവിൽ എന്ന വ്യക്തിയാണ് 18-7-2000 മുതൽ 31-3-2001 വരെയുള്ള കാലയളവിലേക്ക് 1,01,786 രൂപയ്ക്കുള്ള കരാർ എടുത്തിട്ടുള്ളത്.

വ്യവസ്ഥകൾ:- ഉപയോഗിക്കുന്നവരിൽ നിന്നും 20 പൈസ ഈടാക്കാം. ടോയ്ലറ്റ് ശുചിയായി സൂക്ഷിക്കണം. വൈദ്യുതി, വെള്ളം എന്നിവയുടെ ചെലവ് കരാറുകാരൻ വഹിക്കണം.

(ബി) ടോയ്ലറ്റ് ഉപയോഗിക്കുന്നതിന് സ്ത്രീകൾക്കും പുരുഷന്മാർക്കും ഇരുപത് പൈസ ഫീസായി നിശ്ചയിക്കപ്പെട്ടിട്ടുണ്ട്.

(സി) അത്തരം പരാതികൾ ലഭിച്ചിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടപ്പോഴൊക്കെ ശുചിത്വം പാലിക്കുന്നതിന് വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(ഇ) അത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ വേണ്ട നടപടി സ്വീകരിക്കാം.

പുതിയ ഫെയർ സ്റ്റേജ്

33 (1589) ശ്രീമതി ആർ ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസുകൾക്ക് ചടയമംഗലത്ത് പുതിയ ഫെയർ സ്റ്റേജ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ പുതിയ ഫെയർസ്റ്റേജ് എന്ന് നിലവിൽ വരും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ആലപ്പുഴ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ നവീകരണം

34 (1591) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരത്തിലെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ നവീകരണത്തിനും പുനഃരുദ്ധാരണത്തിനും വേണ്ടി ഈ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി നാളിതുവരെയായി എത്ര രൂപ ചെവലഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ബസ് സ്റ്റേഷൻ നവീകരണത്തിനായി പുതിയതായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിൽ നിന്നും പുതിയതായി എത്ര ബസുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട് ; ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ഇ) നിലവിലുണ്ടായിരുന്ന എത്ര സർവ്വീസുകൾ നിറുത്തലാക്കി ; വിശദവിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബസ് സ്റ്റേഷനുകളുടെ ജില്ലാതല ടാറിംഗിൽ ആലപ്പുഴ ബസ് സ്റ്റേഷൻ ഉൾപ്പെടുത്തുകയും പ്രസ്തുത പണി ടെണ്ടർ ചെയ്യുകയും ചെയ്തു. എന്നാൽ കരാറുകാരുടെ ഭാഗത്തു നിന്നും യാതൊരു പ്രതികരണവും ഇല്ലാതിരുന്നതുകൊണ്ട് ബസ് സ്റ്റേഷൻ സ്റ്റാന്റിന്റെ അത്യാവശ്യം അറ്റകുറ്റപണികൾ മാത്രം പൂർത്തിയാക്കി. അതോടൊപ്പം ബസ്സ്റ്റേഷൻ ലാന്റിന്റെ ടാറിംഗ് പണിക്ക് പുനഃടെൻഡർ വിളിക്കുകയും കരാറുകാരനെ ഏൽപ്പിക്കുകയും ചെയ്തു. അത് സ്റ്റേഷന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും അറ്റകുറ്റപണികൾ 5.30 ലക്ഷം രൂപ ചെലവിൽ സംസ്ഥാന നിർമ്മിതി കേന്ദ്രം ചെയ്തുകൊണ്ടിരിക്കുന്നു. എം.പി. ഫണ്ടു ഉപയോഗിച്ചു ഉദ്ദേശം 25.50 ലക്ഷം രൂപ അടങ്കൽ തുക പ്രതീക്ഷിക്കുന്ന ക്ലോക്ക് റൂം, ഡോർമെറ്ററി, കംഫർട്ട് സ്റ്റേഷൻ എന്നീ സൗകര്യങ്ങളുള്ള ഒരു ഇരുനില കെട്ടിടത്തിന്റെ പണി ജില്ലാ നിർമ്മിതി കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്നു.

(ബി) ബസ് സ്റ്റേഷന്റെയും ഗ്യാരേജിന്റെയും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി സാസ്ഥാന നിർമ്മിതി കേന്ദ്രത്തിന് ആദ്യഗഡുവായ 3,23,400 രൂപയും ബസ് സ്റ്റേഷൻ ലാന്റിന്റെ അറ്റകുറ്റപ്പണികൾക്കായി 40,329 രൂപയും ചെലവാക്കിയിട്ടുണ്ട്.

(സി) ബസ് സ്റ്റേഷൻ അതിർത്തിയിലെ തകർന്ന ചുറ്റുമതിലുകളുടെ പുനഃനിർമ്മാണം നടത്തുന്നതിന് 55,500 രൂപയ്ക്കുള്ള പണികൾ ആരംഭിച്ചിട്ടുണ്ട്. ബസ് സ്റ്റേഷനിലെ ഓടകൾ നന്നാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ആലപ്പുഴയിൽ ഒരു എക്സ്പ്രസ്സും, 5 സൂപ്പർ ഫാസ്റ്റും, 21 ഫാസ്റ്റ് പാസഞ്ചറും, 66 ഓർഡിനറി സർവ്വീസുകളും ഉൾപ്പെടെ 93 സർവ്വീസുകളാണ് ഉണ്ടായിരുന്നത്. ഇപ്പോൾ 5 സൂപ്പർ ഫാസ്റ്റും 24 ഫാസ്റ്റ് പാസഞ്ചറും, 69 ഓർഡിനറി സർവ്വീസുകളും ഉൾപ്പെടെ 97 ഷെഡ്യൂളുകളുണ്ട്. ഇതിൽ ആലപ്പുഴ തെങ്കാശി അന്തർ സംസ്ഥാന സർവ്വീസുകളും ഉൾപ്പെടും.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ആലപ്പുഴ-ബാംഗ്ലൂർ സർവ്വീസ് കായംകുളത്തേയ്ക്കു മാറ്റി കായംകുളം-കോയമ്പത്തൂർ ആയി ഓടിക്കുന്നുണ്ട്. ആലപ്പുഴയിൽ നിന്നും മറ്റു സർവ്വീസുകളൊന്നും സ്ഥിരമായി നിർത്തലാക്കിയിട്ടില്ല. എന്നാൽ ഡീസൽ ലഭ്യതയിലുണ്ടായ കുറവും ജീവനക്കാരുടെ ആകസ്മിക അവധിമൂലവും ബസ്സുകളുടെയും കുറവുകാരണവും വരുമാനം കുറഞ്ഞ ചില സർവ്വീസുകൾ തൽക്കാലത്തേയ്ക്കു നിർത്തിവെച്ചിട്ടുണ്ട്.

ചേർപ്പ് നിയോജകമണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ്

35 (1592) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ ചേർപ്പ് നിയോജകമണ്ഡലത്തിൽ പുതിയതായി കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സർവ്വീസ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇരിങ്ങാലക്കുട-കരാച്ചിറ കിഴുപുള്ളിക്കര, പെരിങ്ങോട്ടുകര ചെമ്മാപിള്ളി റൂട്ടിൽ പുതിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) തൃശ്ശൂർ, ഒല്ലൂർ-പെരിഞ്ഞേരി- ചേർപ്പ്-പഴുവിൽ-ആലപ്പാട് പുള്ള് റൂട്ടിൽ പുതിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഈ മണ്ഡലത്തിലെ ഒരു റൂട്ടിൽ സർവ്വീസ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഈ റൂട്ടിൽ സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(സി) ഈ റൂട്ടിലും ബസ് സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

മാള ഡിപ്പോയിൽ ഡീസൽ അടിക്കുന്നതിനുള്ള സൗകര്യം

36 (1593) ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിലെ മാള ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തുന്ന ബസ്സുകൾക്ക് പ്രസ്തുത ഡിപ്പോയിൽ ഡീസൽ നിറയ്ക്കുന്നതിനുള്ള സൗകര്യമില്ലായെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഡിപ്പോയിൽ ബസ്സുകൾക്ക് ഡീസൽ നിറയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly